ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ഉഷ്ണതരംഗ സാഹചര്യം വിലയിരുത്തുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

   **Prime Minister Narendra Modi chaired a meeting to review preparedness for the ensuing heat wave season.**

2. മൂന്നാംഘട്ട ലോക്സഭ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം ഇന്ന്. നാമനിർദേശ പത്രികകൾ ഈ മാസം 19 വരെ സമർപ്പിക്കാം.

   **The Election Commission will today issue notification for the third phase of Lok Sabha election.Nominations can be filed till 19th of this month.**

3. കേരളം തിരഞ്ഞെടുപ്പ് ചൂടിൽ. പ്രധാനമന്ത്രി നരേന്ദ്രമോദി തിരുവനന്തപുരത്തും കോൺഗ്രസ് സ്ഥാനാർത്ഥി രാഹുൽ ഗാന്ധി വയനാട്ടിലും തിങ്കളാഴ്ച പ്രചാരണത്തിനെത്തും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ചാലക്കുടി മണ്ഡലത്തിൽ.

   **Kerala is in the heat of elections. Prime Minister Narendra Modi will campaign in Thiruvananthapuram and Congress candidate Rahul Gandhi in Wayanad on Monday.**

**Chief Minister Pinarayi Vijayan will campaign in Chalakudy constituency today.**

4. ഗാസയിലെ ഫലസ്തീനിയൻ ജനതയ്ക്ക് അവശ്യമായ ഭക്ഷണം ഉടൻ വിതരണം ചെയ്യാൻ ഇസ്രായേലിന് അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ഉത്തരവ്.

**International Court of Justice orders Israel to ensure immediate supply of basic food to Palestinians in Gaza.**

5. ഐ പി എൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂവിനെതിരെ മുംബൈ ഇന്ത്യൻസിന് ഏഴ് വിക്കറ്റ് ജയം.

**In IPL Cricket, Mumbai Indians defeated Royal Challengers Bengaluru by seven wickets.**

&&&&&&&&&&&&&&&

## PM - HEATWAVE

വേനൽക്കാല സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും, പ്രത്യേകിച്ച് മധ്യേന്ത്യയിലും പടിഞ്ഞാറൻ പ്രദേശങ്ങളിലും സാധാരണയേക്കാൾ ഉയർന്ന താപനിലയുണ്ടാകാനുള്ള സാധ്യതയുണ്ട്. ഉഷ്ണതരംഗത്തെ നേരിടാനുള്ള ആരോഗ്യമേഖലയിലെ തയ്യാറെടുപ്പുകളും യോഗം വിലയിരുത്തി. ടെലിവിഷൻ, റേഡിയോ, സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രാദേശിക ഭാഷകളിൽ അവശ്യ ബോധവൽക്കരണം നല്കാൻ പ്രധാനമന്ത്രി നിർദേശം നൽകി. കേന്ദ്ര, സംസ്ഥാന, ജില്ലാ തലങ്ങളിലെ എല്ലാ വിഭാഗങ്ങളും, മന്ത്രാലയങ്ങളും ഇക്കാര്യത്തിൽ സമന്വയത്തോടെ പ്രവർത്തിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, കേന്ദ്ര കാലാവസ്ഥാ വകുപ്പിലെയും, ദേശീയ ദുരന്തനിവാരണ സേനയിലെയും ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&

## PM-RAJASTHAN CAMPAIGN

ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന രാജസ്ഥാനിൽ ബിജെപിയും കോൺഗ്രസും പ്രചാരണം ശക്തമാക്കി. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ബാർമറിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യും. കേന്ദ്ര സഹമന്ത്രിയും ബാർമറിലെ ബിജെപി സ്ഥാനാർത്ഥിയുമായ കൈലാഷ് ചൗധരിയെ പിന്തുണച്ചാണ് അദ്ദേഹം പ്രചാരണത്തിനിറങ്ങുക. ദൗസയിൽ റോഡ് ഷോയിലും അദ്ദേഹം പങ്കെടുക്കും. കോൺഗ്രസിനെ പ്രതിനിധീകരിച്ച് സംസ്ഥാന അധ്യക്ഷൻ ഗോവിന്ദ് ദോത്തസാര , മുൻ മുഖ്യമന്ത്രി അശോക് ഗെലോട്ട്, മുൻ ഉപമുഖ്യമന്ത്രി സച്ചിൻ പൈലറ്റ് എന്നിവരും വിവിധ സ്ഥലങ്ങളിൽ പ്രചാരണം നടത്തും. തൊഴിലില്ലായ്മയും പണപ്പെരുപ്പവും രാജ്യം നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങളാണെന്നും എന്നാൽ മറ്റ് കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നതെന്ന് മുൻ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി പറഞ്ഞു. ഇന്നലെ രാജസ്ഥാനിലെ അനുപ്ഗഢിൽ ഒരു പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

## ELECTION THIRD PHASE (INTRO)

മൂന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിക്കും. 10

സംസ്ഥാനങ്ങളിലെയും, 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും 94 സീറ്റുകളിലാണ് മൂന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

## ELECTION THIRD PHASE (VOICE)

മൂന്നാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന 94 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള നാമനിർദ്ദേശ പത്രികകൾ ഇന്ന് മുതൽ സ്വീകരിച്ചു തുടങ്ങും. ഗുജറാത്തിലെ 26 ഉം, കർണാടകയിലെ 14 ഉം, മഹാരാഷ്ട്രയിലെ 11 ഉം, യുപിയിലെ 10 ഉം സീറ്റുകളിൽ മൂന്നാംഘട്ടത്തിലാണ് വോട്ടെടുപ്പ്. മധ്യപ്രദേശിലെ 8, ഛത്തീസ്ഗഢിലെ 7, ബിഹാറിലെ 5, അസമിലെയും പശ്ചിമബംഗാളിലെയും 4 വീതം സീറ്റുകൾ, ഗോവയിലെ 2 മണ്ഡലങ്ങൾ എന്നിവിടങ്ങളിലും ഈ ഘട്ടത്തിലാണ് തിരഞ്ഞെടുപ്പ്. ദാദ്ര നഗർഹവേലി- ദാമൻ ദിയു, ജമ്മുകശ്മീർ എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലെ ഓരോ സീറ്റുകളിലും മൂന്നാംഘട്ടത്തിലാണ് തിരഞ്ഞെടുപ്പ്. നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാൻ ഈ മാസം 19 വരെയാണ് സമയം. പത്രികകളുടെ സൂക്ഷ്മപരിശോധന 20 ന് നടക്കും. 22 വരെ പത്രികകൾ പിൻവലിക്കാം. മെയ് 7 നാണ് മൂന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്നത്. സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവച്ച മധ്യപ്രദേശിലെ ബേതുൽ മണ്ഡലത്തിലെ പുതുക്കിയ വിജ്ഞാപനവും ഇന്ന് പുറപ്പെടുവിക്കും. രണ്ടാംഘട്ടത്തിൽ നടക്കാനിരുന്ന തിരഞ്ഞെടുപ്പ് ബി.എസ്.പി സ്ഥാനാർത്ഥിയുടെ മരണത്തെത്തുടർന്ന് മൂന്നാംഘട്ടത്തിലേക്ക് മാറ്റുകയായിരുന്നു. ന്യൂസ് ഡസ്ക്, ആകാശവാണി.............

&&&&&&&&&&&&&&&

## CENTRE PULSES

പരിപ്പിന്റെയും പയർവർഗ്ഗങ്ങളുടെയും പ്രതിവാര സ്റ്റോക്ക് പരിശോധിക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി. തുറമുഖങ്ങളിലെ സംഭരണ കേന്ദ്രങ്ങളിലും, വിതരണക്കാരുടെ ഗോഡൗണുകളിലും പരിശോധന നടത്തണം. സ്റ്റോക്ക് വെളിപ്പെടുത്തൽ പോർട്ടലിൽ തെറ്റായ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതായി കണ്ടെത്തിയവർക്കെതിരെ കർശന നടപടിയെടുക്കാനും നിർദ്ദേശമുണ്ട്. പൂഴ്ത്തിവെപ്പും വിപണി കൃത്രിമവും തടയുന്നതിന് പയറുവർഗങ്ങളുടെ സ്റ്റോക്ക് പൊസിഷനിലും വിലനിലവാരത്തിലും കൂടുതൽ ജാഗ്രത പുലർത്തണമെന്നും ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ഉന്നതതല യോഗം വിലയിരുത്തി.

&&&&&&&&&&&&&&&

**JAISHANKAR-MIZORAM**

രാജ്യത്തിൻ്റെ സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യ-മ്യാൻമർ അതിർത്തിയിൽ വേലി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഐസ്വാളിൽ 'ബിജെപി മിസോറാം വിഷൻ ഡോക്യുമെൻ്റ്' എന്ന ബിജെപി പ്രകടനപത്രിക പുറത്തിറക്കിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മ്യാൻമറിൽ നിന്ന് വൻതോതിൽ മയക്കുമരുന്ന് കടത്തുന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയ ആശങ്കയുണ്ടാക്കുന്ന കാര്യമാണെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു

&&&&&&&&&&&&&&&

**INDIA-PERU AGREEMENT**

ഇന്ത്യ-പെറു വ്യാപാര കരാറിനായുള്ള ഏഴാം വട്ട ചർച്ചകൾ ന്യൂഡൽഹിയിൽ സമാപിച്ചു. ഇരു രാജ്യങ്ങളും അവരുടെ മുൻഗണനകളും ആശങ്കകളും പങ്കിട്ടു . വ്യാപാര വ്യവസായ മേഖലയിലെ സാങ്കേതിക തടസ്സങ്ങൾ,

നടപടിക്രമങ്ങൾ, സൗകര്യങ്ങൾ ഉൾപ്പെടെ ചർച്ചാവിഷയമായി. ഇരുപക്ഷത്തുനിന്നുമായി അറുപതോളം പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&

## INDIA-NEPAL

നേപ്പാളിൽ നിക്ഷേപം നടത്തുന്നത് പരിഗണിക്കണമെന്ന് ഇന്ത്യൻ ബിസിനസ് സമൂഹത്തോട് ആഹ്വാനം ചെയ്ത് ഇന്ത്യയിലെ നേപ്പാൾ അംബാസഡർ ശങ്കർ പ്രസാദ് ശർമ്മ.. ന്യൂഡൽഹിയിൽ "ഇൻഡസ്ട്രി ഔട്ട്‌റീച്ച് മീറ്റിൽ" സംസാരിക്കുകയായിരുന്നു അദ്ദേഹം. നേപ്പാളിലെ ഏറ്റവും വലിയ നിക്ഷേപകർ ഇന്ത്യയാണ്. മൊത്തം നിക്ഷേപത്തിൻ്റെ മൂന്നിലൊന്ന് ശതമാനം ഇന്ത്യയിൽ നിന്നാണ്. ഇന്ത്യൻ നിക്ഷേപകർ നേപ്പാളിലേക്ക് പോകാനും ജലവൈദ്യുത മേഖലയിൽ നിക്ഷേപം നടത്താനും താൽപര്യം കാണിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

## HARYANA ACCIDENT-PRESIDENT

ഹരിയാനയിലെ മഹേന്ദ്രഗഡ് ജില്ലയിൽ സ്കൂൾ ബസ് മറിഞ്ഞുണ്ടായ അപകടത്തിൽ എട്ട് കുട്ടികൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. ഉൻഹാനി ഗ്രാമത്തിന് സമീപമാണ് അപകടമുണ്ടായത്. സംഭവത്തിൽ സ്കൂൾ ബസിന്റെ ഡ്രൈവറെ അറസ്റ്റ് ചെയ്തതായി പൊലീസ് അറിയിച്ചു. ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ,ഉപരാഷ്ട്രപതി ജഗദീപ് ധൻകർ , പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അനുശോചനം അറിയിച്ചു

&&&&&&&&&&&&&&&

# ELECTION – KERALA

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി എൻഡിഎ പ്രചാരണത്തിനായി തിങ്കളാഴ്ച തിരുവനന്തപുരത്ത് എത്തും. കാട്ടാക്കട ക്രിസ്ത്യൻ കോളജ് ഗ്രൗണ്ടിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പ്രധാനമന്ത്രിയ്ക്കൊപ്പം തിരുവനന്തപുരം ആറ്റിങ്ങൽ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർത്ഥികളും പങ്കെടുക്കും.

വയനാട് ലോക്സഭ മണ്ഡലം യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി ഈ മാസം 15, 16 തീയതികളിൽ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം നടത്തും. 15 ന് രാവിലെ കണ്ണൂർ വിമാനത്താവളത്തിൽ എത്തുന്ന രാഹുൽ ഗാന്ധി അന്ന് സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ നിയോജകമണ്ഡലങ്ങളിൽ പര്യടനം നടത്തും.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ചാലക്കുടി മണ്ഡലത്തിൽ പര്യടനം നടത്തും. പെരുമ്പാവൂർ, ആ ലുവ, കയ്പമംഗലം എന്നിവിടങ്ങളിൽ നടക്കുന്ന പ്രചാരണപരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&

# KERALA HIGHCOURT

സംസ്ഥാനത്ത് വിഷുചന്തകൾ തുടങ്ങാൻ കൺസ്യൂമർഫെഡിന് ഹൈക്കോടതി അനുമതി നൽകി. ലോക്സഭ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന

സാഹചര്യത്തിൽ, വോട്ടർമാരെ സ്വാധീനിക്കാൻ ഇടയുള്ളതിനാൽ, തെരഞ്ഞെടുപ്പ് കഴിയുംവരെ റംസാൻ - വിഷു ചന്തകൾ തുറക്കാനുള്ള നീക്കം തടഞ്ഞ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശത്തിനെതിരെ കൺസ്യൂമർഫെഡ് നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്. ഏതെങ്കിലും രാഷ്ട്രീയ

നേട്ടത്തിന് ചന്തകളെ ഉപയോഗിക്കരുതെന്നും ഇത് സംബന്ധിച്ച പരസ്യങ്ങൾ പാടില്ലെന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&

**KERALA- HEAT**

കേരളത്തിൽ ഉയർന്ന താപനില തുടരാൻ സാധ്യത. ഞായറാഴ്ച് വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40 വരെ ഉയരാൻ സാധ്യതയുണ്ട്. മറ്റു ജില്ലകളിൽ സാധാരണയെക്കാൾ 2 മുതൽ 4 ഡിഗ്രി വരെ ഉയർന്ന താപനില അനുഭവപ്പെടും. കൊല്ലം ജില്ലയിൽ കാലാവസ്ഥ മുന്നറിയിപ്പ്പ്രകാരം ഉഷ്ണതരംഗം തുടരുമെന്നും അതീവജാഗ്രത വേണമെന്നും ജില്ലാ കലക്ടർ മുന്നറിയിപ്പ് നൽകി. ജില്ലയിൽ അഞ്ചുപേർക്ക് സൂര്യാതപം ഏറ്റു. സംസ്ഥാനത്ത ഒറ്റപ്പെട്ടയിടങ്ങളിൽ ഞായറാഴ്ച് വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&

**INTERNATIONAL COURT-GAZA**

ഗാസയിലെ പലസ്തിനിയൻ ജനങ്ങൾക്കു ആവശ്യമായ ഭക്ഷണം ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ഇസ്രയേലിനോട് അന്താരാഷ്ട്ര നീതിന്യായ കോടതി. ഗാസയിലെ പലസ്തിനിയാൻ ജനവിഭാഗത്തിന്റെ ജീവിതം ദാരിദ്ര്യത്താലും പട്ടിണിയിലും ദുരിതപൂർണമാണെന്ന് കോടതി പറഞ്ഞു. ഗാസയിലുടനീളം പലസ്തിൻ ജനതയ്ക്കു ഭക്ഷണം, ജലം, വൈദ്യുതി, മരുന്നുകൾ, ചികിത്സാസൗകര്യം ഉൾപ്പെടെയുള്ള മാനുഷിക സഹായം തടസമില്ലാതെ ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളാനും ഇസ്രയേലിനോട് കോടതി നിർദേശിച്ചു.

&&&&&&&&&&&&&&&&

## UK-HIGH COMMISSIONER

ഇന്ത്യയിലെ പുതിയ യു.കെ ഹൈക്കമ്മീഷണറായി ലിണ്ടി കാമറൂണിനെ നിയമിച്ചു. ബ്രിട്ടീഷ് ഹൈക്കമ്മീഷണറായി നിയമിതയായ ആദ്യ വനിതയാണ് കാമറൂൺ. സ്ഥാനമൊഴിഞ്ഞ അലക്സ് എല്ലിസിൻ്റെ പിൻഗാമിയായാണ് ലിൻഡിയുടെ നിയമനം.

&&&&&&&&&&&&&&&&

## UK-US-JAPAN; TRILATERAL MILITARY EXERCISE

ഇന്തോ -പസിഫിക് മേഖലയിൽ യു.കെയും യു.എസും ജപ്പാനും 2025 മുതൽ സൈനികാഭ്യാസം നടത്തുമെന്ന് ബ്രിട്ടൻ്റെ പ്രതിരോധ മന്ത്രാലയം അറിയിച്ചു. രാജ്യങ്ങൾ തമ്മിലുള്ള മുൻകാല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയാണ് ത്രിരാഷ്ട്ര അഭ്യാസങ്ങൾ ലക്ഷ്യമിടുന്നത്. ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക് കഴിഞ്ഞ വർഷം യു.എസ് പ്രസിഡൻ്റ് ജോ ബൈഡനുമായി അറ്റ്ലാൻ്റിക് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചതിനെ തുടർന്നാണ് പുതിയ പ്രഖ്യാപനം. ജാപ്പനീസ് പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദയുമായുള്ള ഹിരോഷിമ കരാറും യു.കെ അംഗീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## BALOCHISTAN-ACCIDENT

തെക്കു-പടിഞ്ഞാറൻ പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിലുണ്ടായ വാഹനാപകടത്തിൽ 17 പേർ മരിച്ചു. 38 പേർക്ക് പരിക്കേറ്റു. ഷാ നൂറാനി സൂഫി

ദേവാലയത്തിലേക്ക് തീർത്ഥാടകരുമായി പോയ ട്രക്ക് തോട്ടിലേക്ക് മറിഞ്ഞാണ് അപകടമുണ്ടായത്.

**&&&&&&&&&&&&&&&&**

## IPL

ഐ പി എൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ മുംബൈ ഇന്ത്യൻസിന് ഏഴ് വിക്കറ്റ് ജയം. ബെംഗളൂരു ഉയർത്തിയ 197 റൺസ് വിജയലക്ഷ്യം വെറും 15.3 ഓവറിൽ മൂന്ന് വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി മുംബൈ മറികടന്നു. ഈ സീസണിൽ മുംബൈയുടെ രണ്ടാം ജയവും ആർസിബിയുടെ അഞ്ചാം തോൽവിയുമാണിത്. 34 പന്തിൽ നിന്ന് അഞ്ചു സിക്സും ഏഴ് ഫോറുമടക്കം 69 റൺസുമായി ഇഷാൻ കിഷനാണ് ടീമിന്റെ ടോപ് സ്കോറർ.

**&&&&&&&&&&&&&&&&**

## INDIAN SUPER LEAGUE

ഐ എസ് എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ മോഹൻ ബഗാൻ എതിരില്ലാത്ത നാല് ഗോളുകൾക്ക് ബെംഗളൂരു എഫ് സി യെ പരാജയപ്പെടുത്തി. ബംഗളുരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിലായിരുന്നു മത്സരം. ഇന്നത്തെ മത്സരത്തിൽ കേരളം ബ്ലാസ്റ്റേഴ്സ് ഹൈദരാബാദ് എഫ് സി യെ നേരിടും. ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിൽ രാത്രി 7 :30 നാണ് മത്സരം.

**&&&&&&&&&&&&&&&&**

## ISSFS FINAL OLYMPIC QUALIFIERS

ഐഎസ്എസ്എഫിൻ്റെ അവസാന ഒളിമ്പിക് യോഗ്യതാ ചാമ്പ്യൻഷിപ്പിന് റിയോ ഡി ജനീറോയിൽ ഇന്ന് തുടക്കമാകും.

ഷൂട്ടിംഗിൽ, മൂന്ന് ഇന്ത്യൻ വനിതാ ഷൂട്ടർമാർ പിസ്റ്റൾ ഇനത്തിൽ മത്സരിക്കും. ഏഷ്യൻ ഗെയിംസ് ചാമ്പ്യൻ പാലക് ഗൂലിയയും , ചണ്ഡീഗഢിൽ നിന്നുള്ള സുർഭി റാവുവും വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റളിൽ മാറ്റുരയ്ക്കും . റൈഫിളിൽ എട്ട്, പിസ്റ്റളിൽ ഏഴ്, ഷോട്ട്ഗണിൽ നാല് എന്നിങ്ങനെ പാരീസ് ഒളിമ്പിക്സിനായി ഇന്ത്യൻ ഷൂട്ടർമാർ ഇതിനകം 19 സ്ഥാനങ്ങൾ നേടിയിട്ടുണ്ട്. 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം മത്സരമാണ് ഉദ്ഘാടന ദിനമായ ഇന്നത്തെ ആദ്യ ഫൈനൽ

&&&&&&&&&&&&&&&&

## BADMINTON ASIA CHAMPIONSHIP

ഏഷ്യ ബാഡ്മിൻ്റൺ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യൻ താരങ്ങളായ പി വി സിന്ധുവിനും, എച്ച് എസ് പ്രണോയിക്കും തോൽവി. ഇതോടെ ചാമ്പ്യൻഷിപ്പിൽ നിന്നും ഇന്ത്യ പുറത്തായി.

&&&&&&&&&&&&&&&&&&&&&&&&&&&&&&